**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2337** **03-03-2025 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ ടാക്സ് റെമിറ്റൻസ് സംബന്ധിച്ച പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിൽ അളഗപ്പ നഗർ ഗ്രാമപഞ്ചായത്ത് വാർഡ് 11-ൽ കാളക്കല്ല് ദേശത്ത്( വീട് നമ്പർ 522/11) ജോൺ പി.കെ. തന്റെ കെട്ടിട നികുതിയുടെ ആദ്യ ഗഡുവായ 323/- രൂപ 22.08.2022-ൽ ഓൺലൈനായി അടച്ചെങ്കിലും ആയത് ശരിയായി അക്കൗണ്ട് ചെയ്യാത്തതിനാൽ 2023 മാർച്ച് മാസത്തിൽ ടിയാന് രണ്ട് ഗഡുക്കളും കൂടി 646/- രൂപ അടയ്ക്കാനായി പഞ്ചായത്ത് നോട്ടീസ് നൽകിയ വിഷയത്തിൽ ജോൺ പി.കെ. നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | അളഗപ്പനഗർ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് IKM വിന്യസിച്ചിട്ടുള്ള SANCHAYA, ILGMS എന്നീ സോഫ്റ്റ് വെയറുകൾ പരിശോധിച്ചതിൽ നിന്നും ശ്രീ. ജോൺ പൂവത്തുക്കാരൻ എന്നവർ ടിയാന്റെ ഉടമസ്ഥതയിലുള്ള 11/522 നമ്പർ കെട്ടിടത്തിന് 2022 - 2023 സാമ്പത്തിക വർഷം വസ്തു നികുതിയിനത്തിൽ അടവാക്കാനുള്ള തുക നോട്ടീസ് ഫീസ് 5/- രൂപ അടക്കം 651/- രൂപ 12/3/2023ൽ 1220701078 നമ്പർ രശീതി പ്രകാരം അടവാക്കിയിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്.<br><br>ടി കെട്ടിടത്തിന്റെ 1-ാം അർദ്ധവർഷത്തെ തുക 323/- രൂപ 22/8/2022ൽ ഓൺലൈനായി അടവാക്കിയതായി മേൽപറഞ്ഞ സോഫ്റ്റ് വെയറുകളിൽ രേഖപ്പെടുത്തി കാണുന്നില്ല. ടിയാൻ 1-ാം അർദ്ധവർഷത്തെ നികുതി അടവാക്കാത്ത സാഹചര്യത്തിലാണ് ഡിമാൻറ് നോട്ടീസ് നൽകുവാൻ ഇടയായത്. ടിയാൻ വസ്തു നികുതി 12/3/2023 ൽ അടവാക്കിയിട്ടുണ്ട്, ആയത് സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ രേഖാമൂലം പരാതികളൊന്നും ലഭിച്ചിട്ടില്ല. ശ്രീ. ജോൺ എന്നവർ വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥയോട് ഓൺലൈൻ മുഖേന അടവാക്കിയ വിവരം ഫോണിൽ ബോധിപ്പിക്കുകയും ടി തുക പഞ്ചായത്ത് അക്കൗണ്ടിലേക്ക് വരവ് വന്നിട്ടുണ്ടോ എന്ന് സഞ്ചയ, ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറുകളും അക്കൗണ്ടൻറുമായി പരിശോധിച്ച് തുക വരവ് വന്നിട്ടില്ലാത്ത വിവരം ഫോൺ സന്ദേശം മുഖേന മറുപടി നൽകിയിട്ടുള്ളതുമാണ്. ശ്രീ ജോൺ ഇപ്രകാരം ഇ പെയ്മെന്റ് മുഖേന 22/08/2022 ൽ 11/522 നമ്പർ കെട്ടിടത്തിന്റെ നികുതി അടവാക്കി എന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും വാദത്തിന് |

| | | | |
|---|---|---|---|
| | | | ഉപോൽബലകമായി രേഖകളൊന്നും ഹാജരാക്കിയിട്ടില്ലാത്തതാണ്. |
| (ബി) | ഓൺലൈൻ ടാക്സ് റെമിറ്റൻസ് കൃത്യമായി അക്കൗണ്ട് ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും ആയത് ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ; വിശദമാക്കുമോ? | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി രൂപകൽപ്പന ചെയ്തിട്ടുള്ള tax.lsgkerala.gov.in എന്ന വെബ് സൈറ്റിൽ കൂടി ഇ പെയ്മെന്റ് മുഖാന്തിരം നികുതി അടവാക്കുകയാണെങ്കിൽ ആയത് ഓട്ടോമാറ്റിക് ആയി സഞ്ചയ സോഫ്റ്റ് വെയറിൽ രശീതി വിവരങ്ങളടക്കം തുക പോസ്റ്റാവുകയും 7 ദിവസത്തിനകം പഞ്ചായത്ത് അക്കൗണ്ടിൽ വരവാകുകയും ചെയ്യാറുണ്ട്. അപ്രകാരം അടവാക്കുന്നതിൽ സാങ്കേതിക തകരാർ സംഭവിക്കുന്ന പക്ഷം അടവാക്കിയ തുക അടവാക്കിയ അക്കൗണ്ടിലേക്ക് തന്നെ തിരികെ ക്രെഡിറ്റ് ആകുകയാണ് ചെയ്യുന്നത്. സാങ്കേതിക തടസ്സങ്ങൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾക്ക് soochika software ൽ complaint രജിസ്റ്റർ ചെയ്യുന്നതിനും ആയത് പരിഹരിക്കുന്നതിനും നിലവിൽ IKM സൗകര്യം ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ